# വിശ്വാസികളുടെ മൃതസംസ്കാര കർമ്മം സംബന്ധിച്ച ഡിക്രി

ജ്ഞാനസ്നാന അർത്ഥികൾക്കും കത്തോലിക്കാ മാതാപിതാക്കളുടെ ജ്ഞാനസ്നാനം സ്വീകരിക്കാത്ത കുട്ടികൾക്കും കത്തോലിക്കർക്കും ക്രിസ്തീയ മൃതസംസ്കാരം നൽകേണ്ടതാണ്. (C. 1183). എന്നാൽ C. 1184 പ്രകാരം താഴെപ്പറയുന്ന ആളുകൾക്ക് ക്രിസ്തീയ മൃതസംസ്കാരം നിഷേധിക്കേണ്ടതാണ്.

a. ശീശ്മ-പാഷണ്ഡത, വിശ്വാസ ധ്വംസനം എന്നിവയിൽ പരസ്യമായി ജീവിക്കുന്നവർക്ക്.
b. അക്രൈസ്തവ ലക്ഷ്യത്തോടെ മൃതശരീരം ദഹിപ്പിക്കാൻ ആവശ്യപ്പെടുന്നവർക്ക്.
c. വിശ്വാസികൾക്ക് ഉതപ്പുകൊടുക്കുന്ന തരത്തിൽ പരസ്യപാപത്തിൽ ജീവിക്കുന്നവർക്ക്.

C. 1184 § 2 പ്രകാരം മൃതസംസ്കാരം സംബന്ധിച്ച് ഗൗരവതരമായ സംശയമുണ്ടെങ്കിൽ പ്രാദേശിക സഭാധികാരി (local ordinary)യുടെ അഭിപ്രായവും വിധിയും തേടണം. അതുപോലെ ക്രിസ്തീയ മൃതസംസ്കാരം നിഷേധിക്കപ്പെടുന്നവർക്ക് C. 1185 പ്രകാരം വിശുദ്ധ കുർബ്ബാനയും നിഷേധിക്കേണ്ടതാണ്. സഭാനുസൃതം മൃതസംസ്കാരം നിഷേധിക്കപ്പെടുന്നവരെ രേഖാമൂലം സഭയിൽ നിന്നും മുൻകൂട്ടി പുറത്താക്കിയിട്ടില്ലായെങ്കിൽ അവർക്ക് സിമിത്തേരിയിൽ സ്ഥലം നിഷേധിക്കരുത്. എന്നാൽ കല്ലറ പണിയാൻ അവർക്ക് അനുവാദം ഉണ്ടായിരിക്കുന്നതല്ല.

2008 ആഗസ്റ്റ് മാസം 21-ാം തിയതി കൂടിയ ഫെറോന വികാരിമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ അഭിപ്രായപ്പെട്ട പ്രകാരം നമ്മുടെ അതിരൂപതയിൽ സഭാവിശ്വാസത്തിൽ നിന്നും വ്യതിചലിച്ച ശേഷം മടങ്ങി വരുന്ന വിശ്വാസികൾക്ക് തിരുകർമ്മങ്ങളും മറ്റു കൂദാശകളും നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1. പെന്തകോസ്തയിൽ നിന്നും മടങ്ങിവരുന്നവർക്ക് സഭയിലെ അവകാശങ്ങളായ കൂദാശകൾ സ്വീകരിക്കാനുള്ള നടപടിക്രമങ്ങൾ രണ്ടുമാസത്തിനു ശേഷം മാത്രമേ ആരംഭിക്കാവൂ.

2. പെന്തകോസ്തയിൽ പോകുന്നവർ മടങ്ങിവരുമ്പോൾ അവർക്ക് സഭയിലെ പൂർണ്ണ അവകാശം കിട്ടുന്നതുവരെയുള്ള ഇടക്കാലയളവിൽ മരണാനന്തര ചടങ്ങുകൾക്ക് ആഘോഷം പാടില്ലാത്തതാകുന്നു. അത്തരത്തിൽപെട്ട വ്യക്തികളെ സംസ്കരിക്കുമ്പോൾ പള്ളി മണികൾ മുഴക്കുവാനോ ഭക്തസംഘടനകൾ, കൊമ്പ്രിയ സഭകൾ തുടങ്ങിയവയുടെ അകമ്പടി നൽകുവാനോ ദൈവാലയ ഗീതത്തിന് ക്വയർ നൽകുവാനോ പാടില്ലാത്തതുമാകുന്നു. അത്തരം

മൃതസംസ്കാര കർമ്മങ്ങൾക്ക് ഒന്നിൽ കൂടുതൽ വൈദീകർ പങ്കെടുക്കുവാൻ പാടില്ലാത്തതുമാകുന്നു.

3. ആത്മഹത്യ ചെയ്തവർക്ക് ക്രിസ്തീയ മൃതസംസ്ക്കാരം അനുവദിക്കേണ്ടതാണ്. എന്നാൽ അവരുടെ മൃതസംസ്കാരം നടത്തുമ്പോൾ ഉതപ്പ് ഇല്ലാതാക്കാൻ ആഘോഷങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി അത്തരം മൃതസംസ്ക്കാര കർമ്മങ്ങൾക്ക് മേൽവിവരിച്ച തരത്തിൽ മാത്രമേ കർമ്മങ്ങൾ ക്രമീകരിക്കാവൂ.

ഈ കല്പന **2008 ഒക്ടോബർ 01-ാം** തിയതി മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

† സൂസപാക്യം എം.
അതിരൂപത മെത്രാപ്പോലീത്ത

ഫാ. ഹയസിന്ദ് എം. നായകം
ചാൻസിലർ